കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 20 ബുധൻ

---

## തിരഞ്ഞെടുപ്പ് ചട്ടങ്ങൾ : കേബിൾ ടി.വി ഓപ്പറേറ്റർമാരുടെ യോഗം

ആലപ്പുഴ:തിരഞ്ഞെടുപ്പ് വാർത്തകൾ സംപ്രേഷണം ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ വിശദീകരിക്കാൻ കേബിൾ ടി .വി ഓപ്പറേറ്റർമാരുടെ യോഗം കളക്ടറേറ്റിൽ വിളിച്ചുചേർത്തു. ജില്ല ഇൻഫർമേഷൻ ഓഫീസർ ചന്ദ്രഹാസൻ വടുതല തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വാർത്തകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ യോഗത്തിൽ വിശദീകരിച്ചു .എല്ലാ പ്രാദേശിക ചാനലുകളും തിരഞ്ഞെടുപ്പ് വാർത്തകളും പരസ്യങ്ങളും നൽകുമ്പോൾ കമ്മീഷൻ അനുശാസിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കണമെന്നും പരസ്യങ്ങൾക്ക് സാക്ഷ്യപത്രം ഉണ്ടെന്നുറപ്പാക്കിയിരിക്കണമെന്നും യോഗത്തിൽ വിശദീകരിച്ചു.

വാർത്തകളിൽ നിഷ്പക്ഷത പാലിക്കണം. തിരഞ്ഞെടുപ്പ് സംബന്ധമായി പെയ്ഡ് ന്യൂസ് സംപ്രേക്ഷണം ചെയ്യുന്നുണ്ടോയെന്ന് മാധ്യമ നിരീക്ഷണ സമതി കൃത്യമായി നോക്കും. വാർത്തകൾ സംബന്ധിച്ച് മോണിറ്ററിങ് കമ്മിറ്റി മുന്നോട്ട് വെക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ചാനലുകൾ കൃത്യമായും പാലിക്കണമെന്നും നിർദ്ദേശിച്ചു. അസിസ്റ്റന്റ് എഡിറ്റർ സുമേഷ്, വിവിധ പ്രാദേശിക കേബിൾ ഓപ്പറേറ്റർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## വോട്ടു ചെയ്യാനെത്തിയ പ്രവാസി കുടുംബത്തെ അഭിനന്ദനമറിയിച്ച് ജില്ല കളക്ടർ

ആലപ്പുഴ:ലോകസഭ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനായി സൗദി അറേബ്യയിൽ നിന്നെത്തിയ പ്രവാസി കുടുംബത്തെ വീട്ടിലെത്തി അഭിനന്ദനം അറിയിച്ച് ജില്ല കളക്ടർ എസ് .സുഹാസ് .ആലപ്പുഴ ബീച്ച് റോഡിൽ സുലാൽ മൻസിലിൽ സലീമും കുടുംബവുമാണ് വോട്ട് ചെയ്യാനായി നാട്ടിലെത്തിയത്. സലീമിന്റെയും കുടുംബത്തിന്റെയും സമ്മതിദാനം നിവഹിക്കാനുള്ള മനസ് തികച്ചും മാതൃകാപരമാണെന്നും മറ്റുള്ള പ്രവാസികളും തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഇത്തരത്തിൽ മുന്നോട്ട് വരണമെന്നും ജില്ല കളക്ടർ പറഞ്ഞു.

സൗദി അറേബ്യയിൽ റിയാദിനടുത്തു സൂപ്പർ മാർക്കറ്റ് നടത്തുന്ന സലീം കഴിഞ്ഞ 35 വർഷമായി പ്രവാസിയാണ്. ഇതിനിടയിൽ നടക്കുന്ന തിരഞ്ഞെടുപ്പുകളിൽ മിക്കവാറും കുടുംബത്തോടൊപ്പം നാട്ടിലെത്തി വോട്ട് ചെയ്യാൻ ശ്രമിക്കാറുണ്ടെന്നും കളക്ടറുടെ സന്ദർശനം തങ്ങൾക്ക് ഏറെ പ്രചോദനം നൽകുന്നതാണെന്നും സലീമും കുടുംബവും പറഞ്ഞു. മക്കളും മരുമക്കളും അടക്കം

എട്ടു പേരാണ് വോട്ട് ചെയ്യാനായി നാട്ടിലെത്തിയിരിക്കുന്നത്.

## ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

ആലപ്പുഴ: മരം കയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതി പ്രകാരം ജില്ല ലേബർ ഓഫീസിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ 2019-20 വർഷത്തെ ലൈഫ് സർട്ടിഫിക്കറ്റ് (ആധാറിന്റെ പകർപ്പും ഫോൺ നമ്പറും സഹിതം) ഏപ്രിൽ 30നകം, ജില്ല ലേബർ ഓഫീസിൽ ഹാജരാക്കണം. ഫോൺ: 0477-2253515

## ലൈഫ് സർട്ടിഫിക്കറ്റ് നൽകണം

ആലപ്പുഴ: കേരള സംസ്ഥാന അസംഘടിത (വിരമിച്ച) തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം (കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി) ജില്ല ലേബർ ഓഫീസിൽ നിന്നും പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ ഇനി മുതൽ ലൈഫ് സർട്ടിഫിക്കറ്റ് (ആധാറിന്റെ പകർപ്പും ഫോൺ നമ്പറും സഹിതം) ആലപ്പുഴ ശവക്കോട്ടപ്പാലത്തിനു സമീപം സുഗതൻ മെമ്മോറിയൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷ ബോർഡിൽ ഹാജരാക്കണം. പെൻഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0477- 2241455

## എസ്.എസ്.എൽ.സി ഐ.ടി പരീക്ഷ: മാർച്ച് 29ന് വീണ്ടും പരീക്ഷ

ആലപ്പുഴ: മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ 2012 മാർച്ച് മുതൽ 2016 വരെ എസ്.എസ്.എൽ.സി ഐ.ടി പരീക്ഷയ്ക്ക് പങ്കെടുക്കാൻ കഴിയാതിരുന്നവരും പരാജയപ്പെട്ടവരുമായ വിദ്യർഥികൾക്കായി 2018ലെ പി.സി.എൻ കുട്ടികൾക്കും 2019ൽ പരീക്ഷ എഴുതുവാൻ കഴിയാതിരുന്ന സ്കൂൾ ഗോയിംഗ് വിഭാഗം വിദ്യർഥികൾക്കുമായി മാർച്ച് 29 ന് മാവേലിക്കര ഗവ.ഗേൾസ് എച്ച്.എസിൽ ഐ. ടി പരീക്ഷ നടത്തും

## ന്യൂനപക്ഷ കമ്മീഷൻ തെളിവെടുപ്പ്

ആലപ്പുഴ: ന്യൂനപക്ഷ കമ്മീഷൻ ആലപ്പുഴ ,പത്തനംതിട്ട ജില്ലകളുടെ തെളിവെടുപ്പ് നടന്നു. പുതുതായി 43 പരാതികൾ സ്വീകരിച്ചു .അടുത്ത കമ്മീഷൻ തെളിവെടുപ്പ് മെയ് ആറിന് നടക്കും. തെളിവെടുപ്പിൽ ആലപ്പുഴ ജില്ലയിൽ നിന്ന് 16 കേസുകൾ പരിഗണിച്ചു. ഒമ്പത് എണ്ണം തീർപ്പാക്കി. കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട രണ്ടുപേർക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാനും കമ്മീഷൻ ശിപാർശ ചെയ്തു. പത്തനംതിട്ട ജില്ലയിലെ ഏഴ് കേസുകൾ പരിഗണിച്ചു. അഞ്ച് എണ്ണം ഉത്തരവായി. കമ്മീഷൻ അധ്യക്ഷ ബിന്ദു എം. തോമസ് പങ്കെടുത്തു.

## വാസ്തുവിദ്യ ഗുരുകുലത്തിൽ എപ്പിഗ്രാഫി കോഴ്സ്

ആലപ്പുഴ: സാംസ്കാരിക വകുപ്പിന്റെ കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന

വാസ്തുവിദ്യ ഗുരുകുലത്തിന്റ ആഭിമുഖ്യത്തിൽ നാലുമാസത്തെ എപ്പിഗ്രാഫി കോഴ്സ് ആരംഭിക്കുന്നു. യോഗ്യത: സർവകലാശാല ബിരുദം, അല്ലെങ്കിൽ ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമ. കോഴ്സ് ഫീസ് 15,000 രൂപയും ജി.എസ്.ടി.യും. കൂടുതൽ വിവരത്തിന് www.vastuvidyagurukulam.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 31. വിശദവിവരത്തിന് ഫോൺ: 0468-2319740